*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

188th Issue - Volume 5, No. 22 **ജാഗ്രത** 10th June 2011

“എന്റെ ഈ വചനങ്ങൾ ശ്രവിക്കുകയും അവ അനുസരിക്കുകയും ചെയ്യുന്നവൻ പാറമേൽ ഭവനം പണിത വിവേകമതിയായ മനുഷ്യനു തുല്യനായിരിക്കും. മഴ പെയ്തു, വെള്ളപ്പൊക്കമുണ്ടായി, കാറ്റൂതി, അതു ഭവനത്തിൻമേൽ ആഞ്ഞടിച്ചു.എങ്കിലും അതു വീണില്ല. എന്തുകൊണ്ടെന്നാൽ,അതു പാറമേൽ സ്ഥാപിതമായിരുന്നു ”.

(മത്തായി 7 :24-25)

**Commission Chairman**
Bp. Mar Thomas Chakiath

**Vice Chairmen**
Bp. Joshua Mar Ignathios
Bp. Dr. Vincent Samuel

**Commission Secretary**
Fr. Philip Nelpuraparambil




## പ്രധാന വാർത്തകൾ

ദൈവവചനത്തിനു ചേർന്ന സാക്ഷ്യജീവിതം നയിക്കണം: മേജർ ആർച്ച്ബിഷപ് മാർ ജോർജ് ആലഞ്ചേരി

---

ക്രൈസ്തവ വിശ്വാസം ജീവസുറ്റതാകുന്നത് പാവങ്ങളുടെ സംരക്ഷകരാകുമ്പോൾ: മാർ പോളി കണ്ണൂക്കാടൻ

---

പ്രവാസി ജീവിതത്തിലും പൈതൃകവും പാരമ്പര്യവും കാത്തുസൂക്ഷിക്കുന്ന അല്മായ സമൂഹം സഭയ്ക്കഭിമാനം: മാർ മാത്യു അറയ്ക്കൽ

---

എല്ലാ അഞ്ചുമിനിട്ടിലും ഒരു ക്രൈസ്തവൻ രക്തസാക്ഷിയാകുന്നു.

---

കലാപങ്ങളിൽ നിന്നും ന്യൂനപക്ഷളെ സംരക്ഷിക്കാനുതകുന്ന ബിൽ പാർലമെന്റിൽ വരും.

---

പാഠപുസ്തകങ്ങൾ തയാറാക്കുമ്പോൾ ജാഗ്രത പുലർത്തണം: കെസിബിസി

---

## വാരാന്ത്യവീക്ഷണം

സ്വാശ്രയ വിദ്യാഭ്യാസ രംഗം; പ്രതിസന്ധിയും പരിഹാരവും

**ദൈവവചനത്തിനു ചേർന്ന സാക്ഷ്യജീവിതം നയിക്കണം: മേജർ ആർച്ച്ബിഷപ് മാർ ജോർജ് ആലഞ്ചേരി**

---



ദൈവവചനത്തോടു യോജിച്ചു പോകുന്ന സാക്ഷ്യ ജീവിതമായിരിക്കണം ഓരോ സമർപ്പിതർക്കും ഉണ്ടായിരിക്കേണ്ടതെന്നു സീറോ മലബാർ സഭ മേജർ ആർച്ച് ബിഷപ് മാർ ജോർജ് ആലഞ്ചേരി ആഹ്വാനം ചെയ്തു. കെസിബിസി-കെസിഎംഎസ് സംയുക്ത സമ്മേളനം പിഒസിയിൽ ഉദ്ഘാടനം ചെയ്യുക യായിരുന്നു അദ്ദേഹം. ക്രിസ്തുവിന്റെ സാക്ഷി കളായി ജീവിച്ച് ഓരോ സന്യാസസഭയും കാലഘട്ടത്തിന് അനുസൃതമായ സേവന മേഖലകൾ കണ്ടെത്തണം. ഓരോ രൂപതയും സാർവത്രികസഭയുടെ ചെറുപതിപ്പാണ്. ഈ ചിന്തയ്ക്ക് അനുസൃത മായിരിക്കണം നമ്മുടെ പ്രവർത്തനങ്ങൾ. ഓരോ സന്യാസസഭയും പ്രാർനഥിച്ചും ചിന്തിച്ചും പ്രവർത്തിച്ചും അവരവർക്കു ളള ദൈവവിളിയുടെ സ്വഭാവം കണ്ടെത്തുകയും അതനുസരിച്ചു പ്രവർത്തനങ്ങൾ ക്രമപ്പെടുത്തുകയും വേണം. പിഒസിയുടെ സാരഥി യായി 1986 മുതൽ 1992 വരെ പ്രവർത്തിച്ചതുമൂലം മൂന്നു വ്യക്തിസഭകളെയും ഒന്നായി കണ്ടുകൊണ്ട് ശുശ്രൂഷിക്കാനുള്ള അവസരം ലഭിച്ചതിൽ ഞാൻ ദൈവത്തിനു നന്ദി പറയുന്നു മാർ ആലഞ്ചേരി പറഞ്ഞു. ദൈവരാജ്യത്തിന്റെ മുന്നാസ്വാദനങ്ങളാണു സമർപ്പിതരെന്നു സമ്മേളനത്തിൽ അധ്യക്ഷത വഹിച്ച കെസിബിസി പ്രസിഡന്റ് ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് പറഞ്ഞു. ഓരോ സന്യാസ സഭയും അവയുടെ സ്ഥാപകർ ലക്ഷ്യമിട്ടകാരി സത്തിന്റെ ചൈതന്യം ഏറ്റുവാങ്ങി പ്രവർത്തിക്കണം. വ്യക്തിയും സന്യാസ സമൂഹവും യേശുവിനെ ക്കുറിച്ചുള്ള ആത്മബോധത്തിലൂടെ ജീവിതദർശനം ക്രമപ്പെടുത്തണമെന്നും ആർച്ച്ബിഷപ് പറഞ്ഞു

**ക്രൈസ്തവ വിശ്വാസം ജീവസുറ്റതാകുന്നത് പാവങ്ങളുടെ സംരക്ഷകരാകുമ്പോൾ: മാർ പോളി കണ്ണൂക്കാടൻ**

---



പാവങ്ങളുടെ പങ്കുചേർന്ന് അവരുടെ സംരക്ഷകരാകുമ്പോഴാണ് ക്രൈസ്തവ വിശ്വാസം ജീവസുറ്റതാ കുന്നതെന്ന് ബിഷപ് മാർ പോളി കണ്ണൂക്കാടൻ ഉദ്ബോധിപ്പിച്ചു. ഇരിങ്ങാലക്കുട രൂപതയുടെ സമഗ്ര കുടുംബക്ഷേമ പദ്ധതിയായ ബ്ലസ് എ ഹോം പദ്ധതിയുടെ കുടുംബ കൂട്ടായ്മ രൂപതാ മന്ദിരത്തിൽ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു ബിഷപ്. അനേകം കുടുംബങ്ങൾക്ക് കാരുണ്യത്തിന്റെയും കരുതലിന്റെയും സ്നേഹത്തിന്റെയും നിറവ് നൽകുന്നതാണ് ബ്ലസ് എ ഹോം പദ്ധതിയെന്ന് ബിഷപ് കൂട്ടിച്ചേർത്തു. മാർ ജെയിംസ് പഴയാറ്റിൽ അനുഗ്രഹ സന്ദേശം നൽകി.

**പ്രവാസി ജീവിതത്തിലും പൈതൃകവും പാരമ്പര്യവും കാത്തുസൂക്ഷിക്കുന്ന അല്മായ സമൂഹം സഭയ്ക്കഭിമാനം: മാർ മാത്യു അറയ്ക്കൽ**

---



പ്രവാസിജീവിതകാലത്ത് പ്രതിസന്ധികൾ ഏറെ നേരിടുമ്പോഴും സീറോ മലബാർ സഭയുടെ ചൈതന്യവും വിശ്വാസവുംകാത്തുസൂക്ഷിച്ചുകൊണ്ട് പാരമ്പര്യത്തിലും പൈതൃകത്തിലും അടിയുറച്ചു മുന്നേറുന്ന അല്മായ സമൂഹം അഭിമാനമാണെന്ന് സീറോ മലബാർ സഭ അല്മായ കമ്മീഷൻ ചെയർമാൻ മാർ മാത്യു അറയ്ക്കൽ. സീറോ മലബാർ സഭ അല്മായ കമ്മീഷൻ സിംഗപ്പൂർ അല്മായ സന്ദർശനത്തോടനുബന്ധിച്ച് അൽജുനൈഡ് സെന്റ് സ്റ്റീഫൻസിൽ അല്മായ സമൂഹത്തെ അഭിസംബോധന ചെയ്തു പ്രസംഗിക്കുകയായിരുന്നു മാർ അറയ്ക്കൽ. ലോകം മുഴുവൻ നിറഞ്ഞ സാന്നിധ്യമായി സീറോ മലബാർ സഭ വളർന്നിരിക്കുന്നു. വിശ്വാസ തീഷ്ണതയിലും, പ്രാർഥന ചൈതന്യത്തിലും സഭാ മക്കളുടെ അടിയുറച്ച ജീവിതം അഭിമാനം പകരുന്നു. വിവിധ രാജ്യങ്ങളിലായി ചിതറി ജീവിക്കുന്ന സഭാമക്കളെ മുഖ്യധാരയിൽ കോർത്തി ണക്കി കൂടുതൽ നന്മകൾ വർഷിക്കുവാൻ ശക്തിപ്പെ ടുത്തുകയാണ് അല്മായ കമ്മീഷന്റെ ആഗോള അല്മായ സന്ദർശനത്തിന്റെ ലക്ഷ്യമെന്ന് മാർ അറയ്ക്കൽ സൂചിപ്പിച്ചു.

**എല്ലാ അഞ്ചുമിനിട്ടിലും ഒരു ക്രൈസ്തവൻ രക്തസാക്ഷിയാകുന്നു.**

---

യൂറോപ്യൻ സെക്യൂരിറ്റി ഓർഗനൈസേഷനെ പ്രതിനിധാനം ചെയ്യുന്ന സാമൂഹ്യശാസ്ത്രകാരന്റെ പഠനമനുസരിച്ച് ക്രൈസ്തവവിശ്വാസത്തിനുവേണ്ടി ജീവൻ കൊടുക്കേണ്ടിവന്നവരുടെ എണ്ണം വളരെയേറെ വർദ്ധിച്ചിരിക്കുന്നു. കണക്കുകൾ അനുസരിച്ച് ഓരോ അഞ്ചുമിനിട്ടിലും ഒരു ക്രൈസ്തവൻ രക്തസാക്ഷിത്വം വരിക്കുന്നു.

മാസ്സിമോ ഇൻട്രോവീഗ്നേ എന്ന സഹകരണത്തിനും സുരക്ഷിതത്വത്തിനും വേണ്ടിയുള്ള യൂറോപ്യൻ സംഘടനാംഗമാണ് (OSCE)ഈ സ്ഥിതിവിവരങ്ങൾ ക്രിസ്തീയ-മുസ്ലിം-യഹൂദ മതാന്തരസംവാദസമിതിയിൽ അവതരിപ്പിച്ചത്. ഹംഗറിയിൽ നടന്ന സമ്മേളനം ജൂൺ രണ്ടാം തീയതി സമാപിച്ചു.

ഓരോ വർഷവും 105,000 ക്രൈസ്തവർ അവർ ക്രൈസ്തവരായതു കൊണ്ടുമാത്രം കൊലചെയ്യപ്പെടുന്നുണ്ട്. ആഭ്യന്തരയുദ്ധങ്ങളിലും മറ്റു യുദ്ധങ്ങളിലും കൊല്ലപ്പെടുന്നവരെ എല്ലാം ഒഴിവാക്കിക്കൊണ്ടുള്ള കണക്കുകളാണ് ഇത്.

**കലാപങ്ങളിൽ നിന്നും ന്യൂനപക്ഷളെ സംരക്ഷിക്കാനുതകുന്ന ബിൽ പാർലമെന്റിൽ വരും.**

---

സമുദായിക കലാപങ്ങളിൽ നിന്നും മത-ഭാഷ-സാംസ്കാരികന്യൂനപക്ഷങ്ങളെ സംരക്ഷിക്കാനായി പാർലിമെന്റിൽ കൊണ്ടുവരാനിരിക്കുന്ന വർഗ്ഗീയ അക്രമബിൽ(Communal Violence Bill)ഹിന്ദു തീവ്ര വാദികളുടെ വിമർശനത്തിനുകാരണമായി. ദേശീയ ഉപദേശസമിതി അംഗീകരിച്ച ഈ ബിൽ അനുസരിച്ച് കേന്ദ്രഗവൺമെന്റിന് സാമുദായിക കലാപങ്ങളുടെ സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ ആവശ്യപ്പെടലും അംഗീകാരവും ഇല്ലാതെ തന്നെ ഇടപെടാനാകും. മത വംശീയ സാംസ്കാരിക ന്യൂനപക്ഷങ്ങങ്ങൾക്കെതിരെ അക്രമങ്ങൾ ഉണ്ടാകുമ്പോൾ സംസ്ഥാനസർക്കാർ നിഷ്ക്രിയത പുലർത്തിയാൽ ഇപ്പോഴത്തെ നിയമമനുസരിച്ച് കേന്ദ്രഗവൺമെന്റിന് ഫലപ്രദമായിഇടപെടാൻ കഴിയില്ല. ഈ സാഹചര്യത്തിലാണ് ന്യൂനപക്ഷങ്ങൾക്കു നേരേയുള്ളഅക്രമങ്ങളിൽ കേന്ദ്രസർക്കാരിനു ഫലപ്രദമായി ഇടപെടാൻ കഴിയുന്ന വിധത്തിൽ നിയമനിർമ്മാണംനടക്കുന്നത്.

ബജരംഗദൾ പോലെയുള്ള അക്രമപ്രവണത പുലർത്തുന്ന വർഗ്ഗീയ സംഘടനകൾ ഈ ബില്ല് സംസ്ഥാനങ്ങളുടെ അധികാരങ്ങളിലേക്കുള്ള കടന്നുകയറ്റമായും ഇന്ത്യയുടെ ഫെഡറൽ സംവിധാനത്തെ അട്ടിമറിക്കാനുള്ള നീക്കമായും അധിക്ഷേപിക്കുന്നു. ബില്ലിനെതിരേ ദേശവ്യാപകമായി പ്രതിക്ഷേധം ഉയർത്തിക്കൊണ്ടുവരാനുള്ള ശ്രമത്തിലാണ് അവർ. എന്നാൽ മനുഷ്യാവകാശ സമിതികളും മത-ന്യൂനപക്ഷങ്ങളും ഹിന്ദുമതവിശ്വാസികളിൽ വളരെ നല്ലപങ്കും അക്രമത്തെ എതിർക്കുന്നവരും ഈ ബില്ലിനെ അനുകൂലിച്ചുകൊണ്ടു രംഗത്തു വരുമെന്ന് സിബി.സി ഐ യുടെ വക്താവ് പ്രസ്താപിച്ചു.

**പാഠപുസ്തകങ്ങൾ തയാറാക്കുമ്പോൾ ജാഗ്രത പുലർത്തണം: കെസിബിസി**

---

പാഠപുസ്തകങ്ങൾ തയാറാക്കുമ്പോൾ സൂക്ഷ്മതയും അതീവ ജാഗ്രതയും പുലർത്തണമെ ന്നു കെസിബിസി സമ്മേളനം ആവശ്യപ്പെട്ടു. പാഠപുസ്തകങ്ങൾ തയാറാക്കുമ്പോൾ അതതു മേഖലകളിലെ വിദ്യാഭ്യാസപ്രവർത്തകരുടെ അഭിപ്രായംകൂടി സ്വീകരിക്കണം. പാഠപുസ്തകങ്ങളിലൂടെ തെറ്റിദ്ധാരണകൾ നല്കുന്നതും മതങ്ങ ളെ തെറ്റായി ചിത്രീകരിക്കുന്നതും ഖേദകരമാണ്. പുസ്തകങ്ങളിലെ തെറ്റുകൾ തിരുത്താൻ വിദ്യാഭ്യാസവകുപ്പും ഇപ്പോഴത്തെ സർക്കാരും നടത്തുന്ന പരിശ്രമങ്ങൾ സ്വാഗതാർഹമാണന്നു സമ്മേളനം നിരീക്ഷിച്ചു. വിദ്യാഭ്യാസമേഖലയിൽ പ്രത്യേകിച്ചു സ്വാശ്രയ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്കു ശാശ്വത പരിഹാരം കാണാൻ സർക്കാരുമായി ചർച്ചകൾ തുടരും.

സഭയുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശന നടപടികൾ സുതാര്യമാണ്. വിവിധ ക്രൈസ്തവസഭകൾ തമ്മിൽ ഐക്യം വർധിപ്പിച്ചു സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും നന്മ ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കും. പരിസ്ഥിതി സംരക്ഷണം ഉൾപ്പടെയുള്ള മേഖലകളിൽ കൂട്ടായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. ഡയലോഗ് കമ്മീഷൻ ചെയർ മാൻ ആർച്ച്ബിഷപ് മാർ മാത്യു മൂലക്കാട്ടിന്റെ നേതൃത്വ ത്തിൽ സഭയുടെ എക്യുമെനിക്കൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കും. കത്തോലിക്കാസഭയുടെ വിവിധ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന വർക്കും ദേവാലയ ശുശ്രൂഷകളിൽ ഏർപ്പെട്ടിരിക്കുന്നവർക്കുമായി സാമൂഹിക സുരക്ഷാ പദ്ധതി നടപ്പാക്കും. അതതു സ്ഥാപനങ്ങളുടെയും ജീവനക്കാ രുടെയും തുല്യപങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന സുരക്ഷാ പദ്ധതിയിൽ ലൈഫ് ഇൻഷ്വറൻസും റിട്ട യർമെന്റ് പെൻഷനും ഉൾപ്പെടുത്തിയിട്ടുണ്ട്. കെസി ബിസി ലേബർ കമ്മീഷന്റെ ആഭിമുഖ്യത്തിലുള്ള കേരള ലേബർ മൂവ്മെന്റ്, സിബിസിഐ ലേബർ കമ്മീഷ ന്റെ കീഴിലുള്ള വർക്കേഴ്സ് ഇന്ത്യ ഫെഡറേഷൻ എന്നി വ സംയുക്തമായാണു പദ്ധതി കേരളത്തിൽ നടപ്പി ലാക്കുന്നത്.

മൂലമ്പിള്ളിയിൽ കുടിയിറക്കപ്പെട്ടവർക്കു നീതി ഉറപ്പാക്കി കരാർ ഒപ്പിടാൻ സർക്കാർ എടുത്ത തീരുമാനത്തെ സ്വാഗതം ചെയ്യുന്നു. കുടിയിറക്കപ്പെട്ടവ ർക്കായി കെസിബിസി തുടർച്ചയായി നടത്തിയ ഇടപെടലുകൾ പുതിയ സർക്കാർ മനസിലാക്കി പ്രവർത്തിച്ചത് ആശ്വാസജനകമാണ്. കരാറിലെ വ്യവസ്ഥകൾ സർക്കാർ അടിയന്തരമായി നടപ്പാക്കണം. പുനഃസംഘടിപ്പിച്ച കേരള കത്തോലിക്കാ സഭയുടെ പൊതു പാസ്റ്ററൽ കൗൺസിലായ കേരള കാത്തലിക് കൗൺസിലിന്റെ പ്രവർത്തനങ്ങൾ സജീവമാക്കും. ഡിസംബർ 13നു കെസിസിയുടെ അടുത്ത ജനറൽ ബോഡി വിളിച്ചുചേർക്കും.

റോമിൽ 2012ൽ നടക്കുന്ന സിനഡിന്റെ ചർച്ചാവിഷയമായ നവസുവിശേഷവത്കരണത്തിന്റെ ചൈതന്യം കത്തോലിക്കാസഭയുടെ വിവിധ ശുശ്രൂഷാമേഖലകളിൽ നടപ്പിലാക്കാൻ പദ്ധതികൾ തയാറാക്കും. നവസുവിശേഷവത്കരണത്തെക്കുറിച്ചു ബോധവത്കരണ പരിപാടികൾ രൂപതകളിലും അല്മായ സംഘടനാതലങ്ങളിലും നടപ്പിലാക്കും. നവസുവിശേഷവത്കരണത്തെക്കുറിച്ചുള്ള സംസ്ഥാനതല സെമിനാർ ജൂലൈ 23നു പിഒസിയിൽ സംഘടിപ്പിക്കും. അനുദിന ബൈബിൾ പാരായണം പ്രോത്സാഹിപ്പിക്കാൻ ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ അഖണ്ഡ ബൈബിൾ പാരായണയജ്ഞം 13 മുതൽ 17 വരെ പിഒസിയിൽ നടക്കും.

സമർപ്പിതരെ ആദരിക്കുന്നതിന് എല്ലാ വർഷവും ഫെബ്രുവരി രണ്ടിനു സമർപ്പിതദിനമായി കേരളസഭ ആചരിക്കുമെന്നും കെസിബിസി സമ്മേളന തീരുമാനങ്ങൾ വിശദീകരിച്ചു ഡപ്യൂട്ടി സെക്രട്ടറി ജനറൽ റവ.ഡോ.സ്റ്റീഫൻ ആലത്തറ അറിയിച്ചു.

## വാരാന്ത്യവീക്ഷണം

### സ്വാശ്രയ വിദ്യാഭ്യാസ രംഗം; പ്രതിസന്ധിയും പരിഹാരവും

---

മതവിശ്വാസത്തെ പൊതുവേദിയിൽ നിന്നും ഒഴിവാക്കാനുള്ള ശ്രമം വ്യാപകമാണ്. മതം കേവലം വ്യക്തിപരമായ കാര്യമാണ്. അത് ആരാധനാലയത്തിൽ മാത്രം ഒതുങ്ങിനില്ക്കേണ്ടതാണ് എന്നതൊക്കെ ഈ ഒരു നിലപാടുകാരുടെ പ്രചരണത്തിൽപ്പെടുന്നു. മതത്തെയും മതവിശ്വാസത്തെയും ഉല്മൂലനം ചെയ്യാൻ ഏറ്റവും ഫലവത്തായി ഉപയോഗിക്കപ്പെടുന്നത് ഈ ഒരു നിലപാടും പ്രചരണവുമാണ്. പ്രത്യയശാസ്ത്രപരമായി മതവിരുദ്ധത കൊണ്ടുനടക്കുന്നവരും ബോധപൂർവ്വം ഈ പ്രചരണം നടത്തുന്നു. ബുദ്ധിജീവികൾ എന്നറിയപ്പെടാൻ ആഗ്രഹിക്കുന്ന മതവിശ്വാസികളും എന്തിന് മതനേതൃത്വം തന്നെ ഈ ഒരു കെണിയിൽ വീഴുകയും ചെയ്യുന്നത് നമ്മൾക്കിവിടെ കാണാൻ കഴിയും. പരിശുദ്ധ പിതാവ് ബനഡിക്റ്റ് 16-ാ മൻ മാർപ്പാപ്പ തനിക്ക് കിട്ടാവുന്ന എല്ലാ സാഹചര്യങ്ങളും ഉപയോഗിച്ച് ഈ ഒരു നിലപാടിനെതിരെ ശക്തമായി രംഗത്തുവരുന്നത് പ്രത്യേകം ശ്രദ്ധിക്കണമെന്നും തോന്നുന്നു.

ഈ ഒരു പശ്ചാത്തലത്തിൽ വേണം ഭാഷാ മതന്യൂനപക്ഷങ്ങളുടെ സ്വന്തമായി വിദ്യാലയങ്ങൾ സ്ഥാപിച്ചു നടത്തി വിദ്യാർത്ഥികളെ പരിശീലിപ്പിച്ചു നിലനില്ക്കാനുള്ള സ്വാതന്ത്ര്യത്തിനെതിരായ നീക്കത്തെ കാണാൻ. മതവിശ്വാസത്തിന്റെ സ്വാധീനം സമൂഹത്തിൽ ഉന്മൂലനം ചെയ്യാൻ ശ്രമിക്കുന്നവർ നമ്മുടെ ഭരണഘടന ഉയർത്തിപ്പിടിക്കുന്ന എല്ലാമതങ്ങളെയും ആദരിക്കുന്ന ഉദാത്തമായ ഈ അവകാശത്തിനെതിരേ രംഗത്തുവരുന്നു. മതവിശ്വാസ പശ്ചാത്തലത്തിൽ വിദ്യാർത്ഥികളുടെ പരിശീലനത്തെ തടയാനുള്ള ശ്രമത്തിന്റെ ഗൂഢലക്ഷ്യങ്ങൾ തിരിച്ചറിയാത്തവർ ഏറെ ഉണ്ടെന്നു കാണാം.

യഥാർത്ഥത്തിൽ പത്തുവർഷം മുമ്പ് സുപ്രിം കോടതി നീതിക്കും നിയമത്തിനും നിരക്കാത്തതെന്നു കണ്ടെത്തി തള്ളിക്കളഞ്ഞ 50:50 നടപ്പിലാക്കാൻ ആഹ്വാനം ചെയ്യുന്ന ചില വിദ്യാഭ്യാസ സംഘടനാ നേതാക്കൾ നീതിയേയും നിയമത്തേയും കോടതിയേയും വെല്ലുവിളിക്കയാണ്. മതവിരുദ്ധരുടെ കൈകളിലെ ഉപകരണങ്ങളായി അവർ മാറുന്നു. അമ്പതു ശതമാനം വിദ്യാർത്ഥികളോട് കടുത്ത അനീതികാട്ടി ഇരട്ടിഫീസുവാങ്ങുകയും എന്നിട്ട് മറ്റ് അമ്പതുശതമാനം വിദ്യാർത്ഥികളോട് അനുകമ്പകാട്ടി സൗജന്യമായി പഠിപ്പിക്കുക്കയും ചെയ്യണമെന്നു പറയുന്നത് നീതിക്കും യുക്തിക്കും നിരക്കാത്തതാണ്. അമ്പതു ശതമാനം വിദ്യാർത്ഥികളിൽ നിന്നും ഇരട്ടി ഫീസു വാങ്ങുന്നത് സാമൂഹ്യ നീതിയാണോ എന്ന ചോദ്യം പ്രധാനപ്പെട്ടതാണ്. ക്രൈസ്തവ സമൂഹം നടത്തുന്ന കോളേജുകളിൽ ഇങ്ങനെ ഇരട്ടി ഫീസു കൊടുക്കേണ്ടി വരുന്നത് താരതമ്യേന പാവപ്പെട്ട ക്രൈസ്തവ വിദ്യാർത്ഥികളാണ്. സുപ്രിം കോടതി തള്ളിക്കളഞ്ഞ നീതിക്കും നിയമത്തിനും നിരക്കാത്ത ഈ നിലപാട് ക്രൈസ്തവരുടെ മേൽ ഓരോവർഷവും നൂറ് കോടിരൂപയുടെ അധികഭാരം കെട്ടിയേല്പിക്കുന്നു. ന്യൂനപക്ഷാവകാശം സ്വന്തം മതസാംസ്കാരിക പൈതൃകങ്ങൾ പരിപാലിച്ചു വളരാൻ ഭാഷാ മതന്യൂനപക്ഷങ്ങൾക്കു വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്താനുള്ള സ്വാതന്ത്ര്യമാണ്. അവിടെ സ്വന്തം സമൂഹത്തിലെ വിദ്യാർത്ഥികളെ പരിശീലിപ്പിച്ചു നിലനില്ക്കാനുള്ള സ്വാതന്ത്ര്യം. ഇന്ത്യൻ ഭരണഘടന ആദരവോടും അഭിമാനത്തോടും ഉയർത്തിപ്പിടിക്കുന്ന ഈ അവകാശം അനുവർത്തിച്ചു നിലനില്ക്കാൻ ശ്രമിക്കുന്ന സമൂഹമാണ് ക്രൈസ്തവസമൂഹം. ഈ ഭരണഘടനാപരമായ അവകാശം ത്യജിക്കണമെന്ന് പറയാൻ ആർക്കും അവകാശമില്ല.

50:50 എന്ന സൂത്രവാക്യം ഉയർത്തിപ്പിടിക്കുന്നവർ കഴിഞ്ഞവർഷം ഇടതുപക്ഷസർക്കാർ ചിലരുമായി ഉണ്ടാക്കിയ കരാറിൻ പ്രകാരം കേവലം 7% വിദ്യാർത്ഥികൾ മാത്രമാണ് സർക്കാർഫീസിൽ പഠിക്കുന്നതെന്നോർക്കണം. ഇടതുപക്ഷസർക്കാരും ഘട്ടംഘട്ടമായി ഇന്റെർചർച്ച് കൗൺസിൽ ഉയർത്തിപ്പിടിച്ച നിലപാടിനോടുയോജിച്ചു വരികയായിരുന്നു.

മെരിറ്റനുസരിച്ചുമാത്രം വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുകയും എല്ലാവർക്കും ന്യായമായതും കോടതി അംഗീകരിച്ചതുമായ ഫീസ് നിരക്ക് ഏർപ്പെടുത്തുകയും പാവപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പു നല്കി സൗജന്യമായി പഠിപ്പിക്കുകയും ചെയ്യുന്ന മെരിറ്റും സാമൂഹ്യനീതിയും ഉറപ്പുവരുത്തുന്ന നിലപാട് ആണ് ഇവിടെ ആവശ്യം. ഇന്റെർചർച്ച് കൗൺസിൽ ഉയർത്തിപ്പിടിക്കുന്ന നിലപാടും ഇതാണ്. പാവപ്പെട്ട വിദ്യാർത്ഥികളെ സഹായിക്കാൻ നികുതിപ്പണം കൈകാര്യം ചെയ്യുന്ന സർക്കാരും അതിനെ പിന്തുണക്കാൻ മാനേജ്മെന്റും സമൂഹവും മുന്നോട്ടു വരുമ്പോൾ പ്രശ്നം പരിഹൃതമാകും .


JAGRATHA News

**"Jagratha News"** - An internet news service is free and for private circulation

**Web:** www.kcbcsocialharmony.org

**Blog:** jagrathakcbc.blogspot.com

**Designed and Edited by** Fr. Philip Nelpuraparambil, Secretary, KCBC Commission for Social Harmony and Vigilance, P.O.C., P.B. No. 2251, Palarivattom, Kochi-25, INDIA